(11) പ്രഗൽഭ കായികതാരങ്ങളെ പ്രോൽസാഹിപ്പിക്കണമെന്ന ആവശ്യം

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, സിഡ്നി ഒളിമ്പിക്സിൽ പങ്കെടുത്ത ബീനാമോൾ, റോസക്കുട്ടി, ജിൽസി ഫിലിപ്പ്, മഞ്ജിമാ കുര്യാക്കോസ്, അനിൽകുമാർ, ലിജോ ഡേവിഡ് തോട്ടാൻ, പി. രാമചന്ദ്രൻ, മനോജ് ലാൽ എന്നിവർക്കും ഇന്ത്യൻ ടീമിൽ അംഗത്വം നിഷേധിക്കപ്പെട്ട ബോബി അലോഷ്യസിനും സംസ്ഥാന സർക്കാർ ക്യാഷ് അവാർഡ് കൊടുത്ത് പ്രോൽസാഹിപ്പിക്കണം എന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ഇന്ത്യൻ അമച്വർ അത്ലറ്റിക് ഫെഡറേഷനും, ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനും ഈ കുട്ടികളെ പീഡിപ്പിക്കുകയും അവർക്ക് അവസരങ്ങൾ നിഷേധിക്കുകയും ചെയ്തു. ഹൈജംപിൽ ദേശീയ റിക്കോർഡ് കരസ്ഥമാക്കിയിട്ടും, ഏഷ്യൻ ട്രാക്കിൽ സ്വർണ്ണം നേടിയിട്ടും ബാംഗ്ലൂർ മീറ്റിൽ ഒളിമ്പിക്സ് യോഗ്യതാമാർക്ക് നേടിയിട്ടും നമ്മുടെ സംസ്ഥാനസ്പോർട്സ് വകുപ്പുമന്ത്രിയും, എം.പി.ശ്രീ. സുധീരനും ശക്തമായി ഇടപെട്ടിട്ടും ബോബി അലോഷ്യസിനെ ഇന്ത്യൻ ടീമിൽ ഉൾപ്പെടുത്തിയിട്ടില്ല. ഹരിപ്പാട്ടുകാരനായ അനിൽകുമാർ 100 മീറ്റർ ഓട്ടത്തിൽ 10.21 സെക്കന്റുകൊണ്ടാണ് ഫിനിഷ് ചെയ്തത്. അയാളെ ഒളിംപിക്സ് ഫീൽഡിൽ മൽസരിക്കുവാൻ നമ്മുടെ ആൾക്കാർ അനുവദിച്ചില്ല. മറ്റു രാഷ്ട്രങ്ങളിലുള്ള കായികതാരങ്ങൾ ഇതിനെക്കാൾ കൂടുതൽ സമയം എടുത്ത് ഓടിക്കഴിഞ്ഞിട്ടാണ് സെമിയിൽ എത്തിയത്. എന്റെ നിയോജകമണ്ഡലത്തിൽ തന്നെയുള്ള മനോജ് ലാലിനെ 4 X 400 മീറ്റർ റിലേ മൽസരത്തിൽ പങ്കെടുപ്പിച്ചില്ല. അതുപോലെതന്നെ വനിതാ റിലേയിൽ മഞ്ജിമാകുര്യാക്കോസിനെ അവസാന നിമിഷം ടീമിൽ നിന്നും ഒഴിവാക്കുകയാണ് ചെയ്തത്. ഇവർക്ക് പ്രോൽസാഹനം കൊടുത്തു കഴിഞ്ഞാൽ 2004-ലെ ഒളിംപിക്സിൽ ഇന്ത്യയ്ക്കു വേണ്ടി അവർ മെഡൽ നേടും എന്നുള്ളതിൽ രണ്ടുപക്ഷമില്ല. ഇന്ന് നമ്മൾ സ്പോർട്സ് ബിൽ പാസാക്കുന്ന ദിവസമാണ്, അതുകൊണ്ട് ഈ കുട്ടികൾക്ക് പ്രോൽസാഹനമായി ക്യാഷ് അവാർഡ് പ്രഖ്യാപിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് ഞാൻ വിനീതമായി അപേക്ഷിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, സിഡ്നി ഒളിംപിക്സിൽ സെമി ഫൈനലിൽ എത്തിയ ബീനാമോളെ സംസ്ഥാന സർക്കാർ അംഗീകരിച്ച് പ്രോൽസാഹനം നൽകിയില്ല എന്ന വാദം ശരിയല്ല. ബീനാമോളെ നവംബർ 22-ാം തീയതി വെള്ളനാട് മിത്രാനികേതനിൽ നടന്ന ചടങ്ങിൽ ആദരിച്ച് സംസ്ഥാന സർക്കാരിന്റെ ക്യാഷ് അവാർഡായ 50,000 രൂപ ബഹുമാനപ്പെട്ട കേരളാ ഗവർണ്ണർ നൽകുകയുണ്ടായി. പ്രസ്തുത ചടങ്ങിൽ പല മന്ത്രിമാരും ,എം.എൽ.എ. മാരും പങ്കെടുത്തിരുന്നു. അംഗീകൃത അന്തർദേശീയ മൽസരങ്ങളിൽ സീനിയർ-ജൂനിയർ വിഭാഗങ്ങളിൽ പങ്കെടുത്ത് ആദ്യത്തെ മൂന്നു സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന കായികതാരങ്ങൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ക്യാഷ് അവാർഡുകൾ നൽകിവരുന്നുണ്ട് ഒളിംപിക്സിൽ നമ്മുടെ രാജ്യത്തെ പ്രതിനിധീകരിച്ച കേരളീയ താരങ്ങൾക്കും ക്യാഷ് അവാർഡ് കൊടുക്കുന്നത് അഭികാമ്യമാണെങ്കിലും സാമ്പത്തികമായ

LIBRARY ARCHIVES Kerala Legislative Assembly

പരിമിതികൂടി പരിഗണിക്കേണ്ടതുണ്ട്. എന്നിരുന്നാലും കേരളാ സ്പോർട്സ് കൗൺസിൽ നവംബർ 22-ാം തീയതി ഒളിംപിക്സിൽ പങ്കെടുത്ത കേരളീയ കായികതാരങ്ങളെ ക്ഷണിച്ചുവരുത്തി ബഹുമാനപ്പെട്ട സ്പീക്കറുടേയും എന്റേയും തിരുവനന്തപുരം മേയറുടേയും സാന്നിദ്ധ്യത്തിൽ പാരിതോഷികങ്ങൾ നൽകുകയുണ്ടായി. ബോബി അലോഷ്യസിനെ ടീമിൽ ഉൾപ്പെടുത്താതിരുന്നതിനെ അർഹിക്കുന്ന ഗൗരവത്തിൽതന്നെ ഞാൻ അന്നത്തെ കേന്ദ്ര സ്പോർട്സ് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. ഒളിംപിക്സ് അസോസിയേഷന്റെ ശ്രദ്ധയിലും കൊണ്ടുവരികയുണ്ടായി. മനോജ്ലാൽ, അനിൽകുമാർ, മഞ്ജിമാ കുര്യാക്കോസ് എന്നിവരെ പങ്കെടുപ്പിക്കാത്തതിനെ സംബന്ധിച്ച കാര്യങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത് ആൾ ഇന്ത്യാ അമച്വർ അത്ലറ്റിക്സ് ഫെഡറേഷനാണ്. സംസ്ഥാന സർക്കാരിന് അക്കാര്യത്തിൽ ഇടപെടാനുള്ള സംവിധാനം പരിമിതമാണ്. ഒളിംപിക്സ് ഉൾപ്പെടെയുള്ള അന്തർദേശീയ കായികമൽസരങ്ങളിൽ പങ്കെടുക്കാൻ നമ്മുടെ സംസ്ഥാനത്തെ കായികതാരങ്ങൾക്ക് മെച്ചപ്പെട്ട പ്രോൽസാഹനവും പരിശീലനവും നൽകുന്നുണ്ട്. സബ്മിഷനിൽ പറഞ്ഞിരിക്കുന്ന എല്ലാ താരങ്ങൾക്കും പ്രോൽസാഹനവും അവസരങ്ങളും നൽകണം എന്ന കാര്യത്തിൽ ഗവൺമെന്റിനും താൽപ്പര്യമുണ്ട്. അക്കാര്യം ഭാവിയിൽ പരിഗണിക്കുന്നതാണ്.

മി. സ്പീക്കർ : എന്തായാലും ഇത് കൊണ്ടുവന്നത് നന്നായി.

(12) **കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി ആരംഭിക്കണമെന്നും ഷെഡ്യൂൾ ക്യാൻസലേഷൻ ഒഴിവാക്കണമെന്നുമുള്ള ആവശ്യങ്ങൾ**

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, സംസ്ഥാനത്ത് ഏറ്റവുമധികം യാത്രാക്ലേശം അനുഭവപ്പെടുന്ന ഒരു മേഖലയാണ് കാസർഗോഡ്. 1970-ൽ കാസർഗോഡ് ടൗണിന്റെ ഹൃദയഭാഗത്ത് 3.40 ഏക്കർ സ്വകാര്യഭൂമി ഗവൺമെന്റ് ഏറ്റെടുത്തു 14 ഷെഡ്യൂളുകളോടുകൂടി പ്രവർത്തനമാരാംഭിച്ച സ്ഥാപനമാണ് കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോ. ഇന്ന് 101-ഓളം ഷെഡ്യൂളുകൾ പ്രവർത്തിക്കുന്നുണ്ട് എങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ പുരോഗതി ഇന്നുവരെ ഉണ്ടായിട്ടില്ല. ജീവനക്കാർക്കും യാത്രാക്കാർക്കും പ്രാഥമിക ആവശ്യങ്ങൾ പോലും നിർവ്വഹിക്കുവാൻ സൗകര്യമില്ലാത്ത ഡിപ്പോയാണ് കാസർഗോഡ് ഡിപ്പോ. 30 വർഷത്തിനുശേഷവും ഏറ്റെടുത്ത സ്ഥലത്തുണ്ടായിരുന്ന പഴയ കെട്ടിടങ്ങളിലും മറ്റുമാണ് ട്രാൻസ്പോർട്ട് ഓഫീസ് ഇന്നും പ്രവർത്തിച്ചുവരുന്നത്. 1996 ഡിസംബർ 8-ന് കെ. എസ്.ആർ.ടി.സി. ഡിപ്പോ കം ഷോപ്പിംഗ് കോപ്ലക്സിന് അന്നത്തെ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ശിലാസ്ഥാപനം നടത്തി, ഇപ്പോൾ നാലുവർഷം കഴിഞ്ഞിരിക്കുകയാണ്. ഇന്നും അതിന്റെ പണി ആരംഭിക്കാതെ കിടക്കുകയാണ്. ഒന്നര വർഷംമുൻപ് പഴയ വാടകകെട്ടിടത്തിൽ ഉണ്ടായിരുന്ന വ്യാപാരികളെ ഒഴിപ്പിച്ചതിനാൽ, കിട്ടിക്കൊണ്ടിരുന്ന വാടകവരുമാനം പോലും ഇന്ന് സ്ഥാപനത്തിന്

LIBRARY ARCHIVES Kerala Legislative Assembly